"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവല്ല മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതിയുടെ കരാറുകാരനായ ശ്രീ.ഷിബു സക്കറിയക്ക് അനുവദനീയമായ ബിൽ തുക JnNURM പദ്ധതിയുടെ പലിശയിനത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അമൃത് മിഷൻ ഡയറക്ടറുടെ പേരിൽ നിലവിലുള്ള അക്കൗണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

G.O.(Rt)No.919/2019/LSGD തീയതി,തിരുവനന്തപുരം, 30/04/2019

പരാമർശം:- 1 WP(C)No.20224/2018-ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 18.09.2018-ലെ വിധിന്യായം

2 ശ്രീ ഷിബു സക്കറിയ ഫയൽ ചെയ്ത CCC No. 498/2019

3 AMRUT മിഷൻ ഡയറക്ടറുടെ 21/8/2017, 8/5/2018, 16/6/2018, 21/11/2018, 26/2/2019, 27/03/2019 എന്നീ തീയതികളിലെ എ1-2682/2012/കെ.എസ്.യു.ഡി.പി. നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായ ബിൽ പ്രകാരം തിരുവല്ല മുനിസിപ്പാലിറ്റിയിൽ UIDSSMT പദ്ധതിയിൻ കീഴിൽ നടപ്പാക്കിയ കുടിവെള്ള വിതരണ പദ്ധതിയുടെ കരാറുകാർക്ക് താഴെപ്പറയുന്ന രീതിയിൽ ആകെ 97,87,321/- രൂപ അനുവദിക്കാനുണ്ടെന്ന് അമൃത് മിഷൻ ഡയറക്ടർ പരാമർശം(3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. Supplying, laying, jointing, testing and commissioning of 75 mm to 160 mm PVC pipes for a length of 350 Km - Rs. 10,47,462/-
2. Supplying, laying, joining, testing and commissioning of 400 mm to 250 mm DI K9 pipes and 200 mm to 63 mm PVC pipes for a total length of 25.44 KM - Rs 51;63,818/-
3. For releasing the deposit recovered from various bills for the guarantee period - Rs. 35,76,041/-

2. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ UIDSSMT/JnNURM ഹെഡിൽ തുക ഒന്നും വകയിരുത്തിയിരുന്നില്ല. ബിൽ തുക അനുവദിക്കുന്നതിനായി കരാറുകാരിൽ ഒരാളായ ശ്രീ.ഷിബു സക്കറിയ ബഹു.ഹൈക്കോടതി മുമ്പാകെ WP(C) No. 20224/2018 ഫയൽ ചെയ്യുകയും പരാമർശം(1) പ്രകാരം താഴെപ്പറയുന്ന രീതിയിൽ ബഹു.ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

"....there will a direction to the respondents 1 (M.D, Kerala Water Authority) & 3 (Secretary, Thiruvalla Municipality) to take appropriate steps to see that the bills due to the petitioner are paid without delay. In case the amounts are to be disbursed by the 6th (Chief Engineer (Project) Kerala Water Authority) and 7th (Project Director, KSUDP) respondents it is for the 3rd respondnet to take up the matter before them. In any view of the matter, the bills raised by the petitioner are liable to be honoured and amounts are due to be disbursed to the petitioner within a period of 3 months from the date of receipt of a copy of the judgment."

3. പ്രസ്തുത വിധിന്യായം നടപ്പിലാക്കാത്തതിനെതിരെ ശ്രീ. ഷിബു സക്കറിയ പരാമർശം (2) പ്രകാരം കോടതി അലക്ഷ്യ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ബഹു.ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി കോടതി അലക്ഷ്യനടപടികൾ ഒഴിവാക്കുന്നതിനായി JnNURM പദ്ധതിയുടെ പലിശയിനത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അമൃത് മിഷൻ ഡയറക്ടറുടെ പേരിൽ നിലവിലുള്ള അക്കൗണ്ടിൽ നിന്നും ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് അമൃത് മിഷൻ ഡയറക്ടർ പരാമർശം(3)ലെ 27/03/2019 കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവല്ല മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതിയുടെ കരാറുകാരിൽ ഒരാളായ ശ്രീ.ഷിബു സക്കറിയക്ക് അനുവദനീയമായ ബിൽ തുക (admitted claim) JnNURM പദ്ധതിയുടെ പലിശയിനത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അമൃത് മിഷൻ ഡയറക്ടറുടെ പേരിൽ നിലവിലുള്ള അക്കൗണ്ടിൽ നിന്നും, **"മൊത്തം ബിൽ തുക ടി പദ്ധതിയുടെ നിലവിലുള്ള ഭരണാനുമതി തുകയിൽ അധികരിക്കരുത്"** എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, അനുവദിക്കുന്നതിന് അമൃത് മിഷൻ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

File No.LSGD-DC2/60/2019-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
SPECIAL SECRETARY

അഡ്വക്കേറ്റ് ജനറൽ,എറണാകുളം(ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മിഷൻ ഡയറക്ടർ അമൃത്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
സെക്രട്ടറി, തിരുവല്ല മുനിസിപ്പാലിറ്റി
ശ്രീ. ഷിബു സക്കറിയ, കോട്ടവിരുത്തിൽ ഹൗസ് , തലവടി PO , ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.05.02 10:35:51 IST
Reason: Approved
സെക്ഷൻ ഓഫീസർ